**പതിനാലാം കേരള നിയമസഭ**

**പതിനേഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1220** 05.03.2020 -ൽ മറുപടിയ്ക്ക്

**ഷൊർണ്ണൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.കെ. ശശി : | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ നവീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം-1, തൃക്കടീരി-2, ചെർപ്പുളശ്ശേരി, വാണിയംകുളം-2 എന്നീ വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതും ആയത് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ ഷൊർണ്ണൂർ മണ്ഡലത്തിലെ തന്നെ വെള്ളിനേഴി വില്ലേജ് ഓഫീസിന് സ്മാർട്ട് റവന്യൂ പദ്ധതി പ്രകാരം കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ നിർമ്മാണം പുരോഗമിച്ചു വരികയുമാണ്. |
| (ബി) | കൂടുതൽ വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ/അടിസ്ഥാന സൗകര്യ വികസനം പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**